**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 339** **23-06-2026-ൽ മറുപടിയ്ക്ക്**

## <u>മുൻമുഖ്യമന്ത്രിയുടെ അംഗരക്ഷകർക്കെതിരായ പോലീസ് കേസ്</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ അംഗരക്ഷക ഡ്യൂട്ടി ചെയ്തിരുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ചുമത്തിയ കേസിൽ കോടതി മുൻകൂർ ജാമ്യം അനുവദിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ബഹു.ആലപ്പുഴ ജില്ലാ സെഷൻസ് കോടതി ടി കേസ്സിലെ 1ഉം 2ഉം പ്രതികൾക്ക് BA No. 665/2026 പ്രകാരവും, 3 മുതൽ 5 വരെയുള്ള പ്രതികൾക്ക് BA No. 651/2026 പ്രകാരവും കർശന ഉപാധികളോടുകൂടി 09.06.2026 തീയതി മുൻകൂർ ജാമ്യം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

**(ബി)** പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്തപ്പോൾ ആദ്യം ഏതൊക്കെ വകുപ്പുകളാണ് ചുമത്തിയത്; പിന്നീട് ഏതൊക്കെ വകുപ്പുകൾ കൂട്ടിച്ചേർത്തിട്ടുണ്ട്;

**<u>മറുപടി:</u>** ടി കേസിന്റെ FIR-ൽ 294(b), 324, 325 IPC എന്നീ വകുപ്പുകളാണ് ചേർത്തിരുന്നത്. ടി കേസ്സിലേക്ക് പിന്നീട് 308, 34 IPC എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്ത് 294(b), 324, 308 & 34 IPC പ്രകാരം അന്വേഷണം നടത്തിവരുന്നതാണ്.

**(സി)** പ്രസ്തുത കേസ് അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘത്തിനെതിരെ കോടതി എന്തെങ്കിലും പരാമർശം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഇല്ല.

**സെക്ഷൻ ഓഫീസർ**